# നിർമ്മല മനസ്സാക്ഷിയോടു കൂടിയവർ

## ഇയ്യോബ് 8:6, 7

"നീ നിർമ്മലനും നേരുള്ളവനുമെങ്കിൽ അവൻ ഇപ്പോൾ നിനക്കുവേണ്ടി ഉണർന്നു വരും. നിന്റെ നീതിയുള്ള വാസസ്ഥലത്തെ യഥാസ്ഥാനത്താക്കും. നിന്റെ പൂർവ്വസ്ഥിതി അല്പമായിത്തോന്നും. നിന്റെ അന്ത്യസ്ഥിതി അതിമഹത്തായിരിക്കും."

ഇയ്യോബ് എന്ന നിഷ്കളങ്കനും നേരുള്ളവനും ദോഷം വിട്ടകലുന്നവനുമായ ഒരു ഭക്തന്റെ ജീവിതത്തിൽ ഉണ്ടായ കഷ്ടങ്ങളും പിന്നീട് ദൈവത്താൽ അവനുണ്ടായ വിടുതലും ഈ വചനത്തിലൂടെ വ്യക്തമായി നമുക്ക് മനസ്സിലാക്കാവുന്നതാണ്. താൻ നേടിയതെല്ലാം ഒന്നിനു പിന്നാലെ നഷ്ടമാകുമ്പോഴും ഒരിക്കലും ദൈവത്തെ പഴിച്ചു പറയുകയോ പിന്മാറി പോവുകയോ ചെയ്യാതെ അവിടുത്തോട് പറ്റിച്ചേർന്നു നടന്ന ഒരു ദൈവപൈതലായിരുന്നു ഇയ്യോബ്. ഒരു ഭക്തൻ എത്രമാത്രം നിർമ്മലതയോടെ ജീവിക്കണമെന്ന് ഇയ്യോബിന്റെ വ്യക്തിജീവിതം നമ്മെ പഠിപ്പിക്കുന്നു.

സങ്കീർത്തനം 66:18,19 വാക്യങ്ങൾ നമുക്ക് ശ്രദ്ധിക്കാം. 'ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കുകയില്ലായിരുന്നു. എന്നാൽ ദൈവം കേട്ടിരിക്കുന്നു. എന്റെ പ്രാർത്ഥനാശബ്ദം ശ്രദ്ധിച്ചിരിക്കുന്നു.'

നമ്മുടെ ഹൃദയത്തിൽ കയ്പ് വെച്ചുപുലർത്തിക്കൊണ്ട് നമുക്ക് ദൈവത്തോട് അടുത്തിരിക്കുവാൻ സാധ്യമല്ല. നമ്മുടെ ഹൃദയം നേരുള്ളതെങ്കിൽ മാത്രമേ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുകയുള്ളു.

ആയതിനാൽ നാം എങ്ങനെയുള്ളവരായിരിക്കണം എന്നുള്ളത് 1 പത്രൊസ് 2:1,2 നമ്മോടു പറയുന്നത്: 'ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ'.

പ്രിയദൈവപൈതലേ ഈ വചനത്തിന്റെ പൊരുൾ നമുക്കേവർക്കും മനസ്സിലാകത്തക്കവിധത്തിൽ പരിശുദ്ധാത്മാവ് ശക്തവും വ്യക്തവുമായി പഠിപ്പിച്ചു തന്നിരിക്കുന്നു. ഒരു ശിശുവിന് മുലപ്പാൽ എത്രത്തോളം പോഷകഗുണങ്ങളോടു കൂടിയതാണ് എന്ന പോലെ തന്നെ നമുക്കും സകല മലിനതകളും ദൈവസന്നിധിയിൽ കഴുകിക്കളഞ്ഞ് ഒരു ശിശുവിനെപ്പോലെ മായമില്ലാത്ത വചനമാകുന്ന പാൽ കുടിച്ചു വളരുവാൻ ദൈവം സഹായിക്കുമാറാകട്ടെ.

ഇയ്യോബിനെപ്പോലെ നേരായി നടന്നിട്ടും നമ്മുടെ ജീവിതത്തിലും ദുഷ്ടന്റെ ചില പരീക്ഷണങ്ങൾ നേരിടേണ്ടി വരുന്നുണ്ടാകാം. എന്നാൽ അന്ത്യസ്ഥിതി അതി

മഹത്തരമാക്കിത്തീർക്കുവാൻ കഴിയുന്ന സർവ്വശക്തനിൽ മാത്രം നമുക്ക് ആശ്രയിക്കാം. നേരായി നടക്കുന്നവർക്ക് ഒരു നന്മയും മുടക്കാതെ കാത്തു പരിപാലിക്കുവാൻ കഴിയുന്ന നമ്മുടെ ദൈവത്തിൽ നിത്യവും ചാരി യാത്ര ചെയ്യാം. അതിനായി നിർമ്മല മനസ്സാക്ഷിയോടെ ജീവിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ ഏവരേയും സഹായിക്കുമാറാകട്ടെ.

**പരാമർശം:**

എബ്രായർ 10:19–22

അതുകൊണ്ടു സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും, ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ട് നാം ദുർമനസ്സാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധ വെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക.

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 061**